**ജി.49802/99 നംപറായി 9.3.99 -ാം തീയതിയിൽ തിരുവനന്തപുരം ,ചീഫ് ഫോറസ്റ്റർ തൃശ്ശൂർ സെൻട്രൽ സർക്കിൾ കൺസർവേറ്റർക്ക് അംയച്ച സർക്കുലറിന്റെ പകർപ്പ്.**

**<u>സർക്കുലർ നം. 2/99</u>**

വനനിയമ ലംഘനങ്ങൾ യഥാസമയം കണ്ടുപിടിക്കുക. ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ സഹായിക്കുക. ഡിപ്പാർട്ടുമെന്റിലെ വിവിധ ജോലികൾ കൃത്യമായി ചെയ്തിരുന്നു വെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക, ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന കൃത്യ വിലോപം, പെരുമാറ്റദൂക്ഷ്യം അച്ചടക്കലംഘനം എന്നിവ കണ്ടുപിടിക്കുക. സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടങ്കിൽ ആയത് നികത്താൻ നടപടിക്ക് ശപുപാർശ ചെയ്യുക. തുടങ്ങി ജോലികളാണ് വനം - വിജിലൻസ്ി വിഭാഗത്തിന്റെ ചുമതലയിലുള്ളത് ഇപ്പോൾ രണ്ട് കൺസർവേറ്റർമാരുടെ കീഴിൽ എട്ട് ഫ്ളയിംഗ് സ്കവാഡ് ഡിവിഷനുകളും പതിനെട്ട് ഫ്ളെയിംഗ് സ്ക്വാഡ് റെയിഞ്ച് യൂണിറ്റുകളും വാഹനങ്ങൽ വയർലെസ് തുടങ്ങിയ സംവിധാനങ്ങളോടെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ വിജിലൻസ് ചീഫ് കൺസർവേറ്ററുടെ സഹായത്തിനായി അഞ്ച് അസി. ഫോറസ്റ്റ് കൺസരാ്വേറ്റർമാർ , ഫോറസ്റ്റ് ഹെഡ് ക്വോർട്ടേഴ്സിൽ ഉണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വന നിയമ ലംഘനങ്ങയഥാസമയം കണ്ടെത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിൽ വനം വിജിലൻസ് ചിഫ് കൺസർവേറ്ററുടെ വിഭാഗത്തിലുള്ളവർ വച്ചു പുലർത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വിവിധയിനം ഡിപ്പാർട്ട്മെന്റ് ജോലികൾ സംബന്ധിച്ച് പരാതികളുടെ അന്വേഷണം മാത്രമേ തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളുവെന്ന് വിജിലൻസ് വിഭാഗത്തിന്റെ ധാരണ തെറ്റാണ്. രഹസ്യാന്വേഷണം നടത്തി വനം കുറ്റകൃത്യങ്ങൾ നടക്കാനിടയുള്ളത് വിജിലൻസ് വിഭാഗത്തിന്റെ ധാരണ തെറ്റാണ്. രഹസ്യാന്വേഷണം നടത്തി വനംകുറ്റകൃത്യങ്ങൾ നടക്കാനിടയുള്ളത് മനസ്സിലാക്കി കരുതൽ നടപടി സ്വീകരിക്കുന്നതിലും വനം വിജിലൻസ് വിഭാഗം പരാജയപ്പെടുന്നതായാണ് സമീപ കാലത്തുണ്ടായ ചില സംഭവങ്ങൾ വ്യക്തമാക്കുന്നത്. ഇത് വനം വകുപ്പിന്റെ പ്രതിഛായക്ക് മങ്ങലേൽപ്പിച്ചിരിക്കുന്നു. വിപുലമായ ഭരണസംവിധാനമുള്ള വനം വിജിലൻസ് വിഭാഗം അവരിൽ നിക്ഷ്പിതമായ കടമകളിൽ ഏറ്റവും പ്രധാനമായ വനസംരക്ഷണ പ്രവർത്തനം കുറ്റമറ്റ രീതിയിൽ കാര്യക്ഷമമായി നിർവഹിക്കണമെന്നും ആയതിൽ വീഴ്ച വരുത്തുന്നവർ ടെറിട്ടോറിയൽ വിഭാഗം ജീവനക്കാരെപ്പോലെതന്നെ ശിക്ഷാർഹരായിരിക്കുന്നതാണെന്നും അിറയിക്കുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ)